"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ്- ആവാസ് സ്കീമിൽ എംപാനൽ ചെയ്യാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ ആശുപത്രകളെ കൂടി പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.652/2025/LBR തീയതി, തിരുവനന്തപുരം, 26-05-2025

---

പരാമർശം:-

1. 27.10.2016-ലെ സ.ഉ. (സാധാ)നം. 1325/2016/തൊഴിൽ നമ്പർ ഉത്തരവ്.
2. 19.06.2018-ലെ സ.ഉ. (സാധാ) നം.732/2018/തൊഴിൽ നമ്പർ ഉത്തരവ്.
3. 30.09.2023-ലെ സ.ഉ. (സാധാ) നം.1228/2023/തൊഴിൽ നമ്പർ ഉത്തരവ്.
4. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.04.2024-ലെ ചിയാക്/124/2023-CHY നമ്പർ കത്ത്.
5. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ 16.08.2024-ലെ ചിയാക്/124/2023-CHY നമ്പർ കത്ത്.
6. ലേബർ കമ്മീഷണറുടെ 05.04.2025-ലെ എൽ.സി.ഒ/1968/2023/ഡബ്ല്യു(2) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആവാസ് പദ്ധതി നടപ്പിലാക്കികൊണ്ടുള്ള പരാമർശം (1) ഉത്തരവിൽ സ്വകാര്യ, സർക്കാർ ആശുപത്രികളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ അനുമതി ഉണ്ടായിരുന്നുവെന്നും അതിനാൽ ആവാസ് സ്കീമിൽ എംപാനൽ ചെയ്യാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവദിക്കണമെന്നും ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. അതിഥി ആപ്പ്/ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും ആവാസ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആവാസ് പദ്ധതി അഷുറൻസ് മാതൃകയിൽ എല്ലാ സർക്കാർ ആശുപത്രികളിലൂടെയും നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള

പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി CHC ഉൾപ്പെടെ ഉള്ള എല്ലാ സർക്കാർ ആശുപത്രികളെയും ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പരാമർശം (5) പ്രകാരം ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ചിയാക് സമർപ്പിച്ച പ്രോപ്പോസിലിലെ ആവശ്യം അംഗീകരിക്കുന്നത് നിലവിലെ സാഹചര്യത്തിൽ കൂടുതൽ അതിഥി തൊഴിലാളികൾക്ക് പ്രയോജനപ്രദമായിരിക്കുമെന്നതിനാൽ, ആവാസ് സ്കീമിൽ എംപാനൽ ചെയ്യുവാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ ആശുപത്രികളെ കൂടി പദ്ധതിയിൽ എംപാനൽ ചെയ്യുന്നത് പരിഗണിക്കാവുന്നതാണെന്ന് ലേബർ കമ്മീഷണർ പരാമർശം (6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രോപ്പോസലിന്മേലുള്ള ലേബർ കമ്മീഷണറുടെ ശിപാർശ പരിഗണിച്ച്, ആവാസ് സ്കീമിൽ എംപാനൽ ചെയ്യാൻ താത്പര്യം പ്രകടിപ്പിക്കുന്ന സ്വകാര്യ ആശുപത്രികളെ കൂടി പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഒ ബി അരുൺ കുമാർ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫസർ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ